**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1498 02/07/2015-ൽ മറുപടിയ്ക്ക്

**ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.പി.തിലോത്തമൻ**<br>**,, ജി.എസ്.ജയലാൽ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) 1994-ൽ ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ എന്ന പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; രജിസ്ട്രേഷൻ ഫീസും പദ്ധതി വിഹിതവുമായി എത്ര തുക പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) 97849 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസും, പദ്ധതി വിഹിതവുമായി 10,41,98,508/- രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ; | ബി) ഈ പദ്ധതിയിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു.<br>1. ഏതെങ്കിലും ഗുണഭോക്താവ് സ്വമേധയാ എന്നെങ്കിലും വിട്ടു പോകുകയാണെങ്കിൽ പദ്ധതി വിഹിതമായി അടച്ച തുക 1000/- രൂപ മടക്കി കൊടുക്കുന്നതാണ്.<br>2. ഗുണഭോക്താവിന് 60 വയസ്സ് തികയുമ്പോൾ 30,000/- രൂപ മുതൽ 60,000/- രൂപ വരെ അംഗമായി ചേർന്ന കാലയളവ് അനുസരിച്ച് ഗ്രാറ്റുവിറ്റി നല്കുന്നതാണ്. 60 വയസ്സ് മുതൽ മരണം വരെ പ്രതിമാസം 1000/- രൂപ പെൻഷനും വ്യവസ്ഥയുണ്ട്.<br>3. പദ്ധതിയിൽ ചേർന്ന് 1000/- രൂപ അടച്ചശേഷം ശാരീരികമായോ, മാനസികമായോ പൂർണ്ണ അവശത |

മൂലം കാർഷിക വൃത്തി തുടരാൻ സാധിക്കാതെ വന്നാൽ പ്രതിമാസം 200/- രൂപ മുതൽ 750/- രൂപ വരെ പെൻഷൻ നല്കുന്നതാണ്.

4. പദ്ധതിയിൽ ചേർന്ന ശേഷം 60 വയസ്സിനു മുമ്പ് മരണം സംഭവിച്ചാൽ അംഗങ്ങളായി ചേർന്ന കാലയളവ് അനുസരിച്ച് ഗുണഭോക്താവിന്റെ നോമിനിക്കും 25,000/- രൂപ മുതൽ 1,00,000/- രൂപ വരെ മരണാനന്തര സഹായമായി നല്കും. (10 വർഷം വരെ 25,000/- രൂപയും, പിന്നീടുള്ള ഓരോ വർഷത്തിലും 2,500/- രൂപ വീതം പരമാവധി ഒരു ലക്ഷം രൂപ വരെയും).

| | |
|---|---|
| സി) മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്ക് സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര പേരുടെ ആശ്രിതർക്ക് എത്ര വീതം സഹായം നൽകിയെന്ന് വിശദമാക്കുമോ; | സി) മരണമടഞ്ഞ 1834 പേരുടെ ആശ്രിതർക്ക് 25,000/- രൂപ വീതം മരണാന്തര ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. |
| ഡി) പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | ഡി) പദ്ധതിയെപ്പറ്റി നടത്തിയ 3 പഠന റിപ്പോർട്ടുകളും (നാബ്കോൺസ്, ആക്ച്ചൂറിയൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്), പദ്ധതി ഗവൺമെന്റിന് വളരെയധികം സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതും, തുടർന്ന് കൊണ്ടു പോകണമെങ്കിൽ തന്നെ ഗവൺമെന്റിൽ നിന്നും വർഷാവർഷം നിശ്ചിത തുക നിക്ഷേപിക്കണമെന്നും ചൂണ്ടിക്കാണിച്ചിരുന്നു. പദ്ധതിയിൽ തുടർന്നു കൊണ്ടു പോകുന്നതിന് ചില നിർദ്ദേശങ്ങളും നല്കിയിരുന്നു. ആയത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ